(ഡി) പ്രസ്തുത പദ്ധതി ഉൾപ്പെടുത്തുന്ന കാര്യത്തിൽ നബാർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഉണ്ടെങ്കിൽ ഈ പദ്ധതിക്ക് നബാർഡ് അനുവദിച്ച തുക എത്രയാണ് ;

(എഫ്) ഈ പദ്ധതിയുടെ പ്രവർത്തനം എപ്പോൾ ആരംഭിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ നവീകരണത്തിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് നബാർഡ് ധനസഹായത്തിനായി ആർ.ഐ.ഡി.എഫ്. VIII-ലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉള്ള പ്രസ്തുത പദ്ധതിക്ക് 13-1-2003-ൽ സർക്കാർ തലത്തിൽ കൂടിയ സ്ക്രീനിംഗ് കമ്മിറ്റി അനുമതി നല്കി.

(സി) ഈ പദ്ധതി ആർ.ഐ.ഡി.എഫ്. VIII-ൽ ഉൾപ്പെടുത്താനായി നബാർഡിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി & ഇ) പദ്ധതി ഉൾപ്പെടുത്തുന്ന കാര്യത്തിൽ നബാർഡിൽ നിന്നും തീരുമാനമൊന്നും ലഭിച്ചിട്ടില്ല.

(എഫ്) നബാർഡിന്റെ സഹായം ലഭിക്കുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

പട്ടാമ്പി കോസ്വേയുടെ അപകടാവസ്ഥ

66 (2005) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി കോസ് വെയുടെ അപകടാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ഒരു പുതിയ പാലം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയപാലം പണിയുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു.

പുലാമന്തോൾ, ഇട്ടക്കടവ് പാലങ്ങളുടെ നിർമ്മാണം

67 (2006) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പണി നടന്നുകൊണ്ടിരിക്കുന്ന പുലാമന്തോൾ പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly